പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :621 29.01.2019-ൽ മറുപടിക്ക്

**ആനുകൂല്യങ്ങൾക്ക വേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനും ആനുകൂല്യം കൈപ്പറ്റുന്നതിനുമായി സഹകരണ വകുപ്പിന്റെ കീഴിൽ നിരവധി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും മാത്രമായി സഹകരണ വകുപ്പിന്റെ കീഴിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, സഹകരണസംഘം നിയമം അനുശാസിക്കും പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ സഹകരണ നിയമം അനുശാസിക്കും പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്മേൽ ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ 2016-മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ കണക്കുകൾ പരിശോധിക്കുവാനും ഓഡിറ്റ് നടത്തുവാനും സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോ; | | |
| (ഡി) | ഇത്തരത്തിൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി സഹകരണ സംഘങ്ങളുടെ മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ